വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ

104 [687] *ശ്രീ. ടി. എൻ. പ്രതാപൻ:*

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് സർക്കാർ ഏതെല്ലാം വിധത്തിലുള്ള സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്;

(ബി) എന്തു തുക വീതമാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ രംഗത്ത് സർക്കാർ നൽകിവരുന്ന സ്കോളർഷിപ്പുകളുടെ വിവരം താഴെ കൊടുക്കുന്നു:

ടി. എച്ച്. എസ്. എൽ. സി.

(1) മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്

(2) എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്.

പോളിടെക്നിക് കോളേജ്

(1) കെ. പി. സി. ആർ. (കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട്)

(2) എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്

(3) ടി. എസ്.പി. സ്കീം (ട്രൈബൽ സബ് പ്ലാൻ).

എൻജിനീയറിംഗ് കോളേജ്

(1) കെ. പി. സി. ആർ.

(2) എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്.

(ബി) ടി.എച്ച്.എസ്.എൽ.സി. : മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിൽ ഓരോ ക്ലാസിലും 42,000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള 10% കുട്ടികൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 100 രൂപ വീതം വർഷത്തിൽ 1000 രൂപ നൽകുന്നു. എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് മാസം 220 രൂപ വീതം വർഷത്തിൽ 2200 രൂപ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പോളിടെക്നിക് കോളേജ്: കെ.പി.സി.ആർ. വാർഷിക വരുമാനം 42,000 രൂപയ്ക്ക് താഴെയുള്ള കുട്ടികൾക്ക് ലംപ്സം ഗ്രാന്റായി 100 രൂപയും മാസം 50 രൂപ വച്ച് വർഷത്തിൽ 500 രൂപയും നൽകുന്നു. എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റായി 270 രൂപ മുതൽ 315 രൂപ വരെ അവരവരുടെ ദൂരപരിധിക്കനുസരിച്ച് നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റായി 375 രൂപയും നൽകുന്നു. കൂടാതെ ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പോക്കറ്റ് മണിയായി 65 രൂപയും നൽകുന്നു. ടി.എസ്.പി. സ്കീം അനുസരിച്ച് കാൽക്കുലേറ്റർ, ഡ്രോയിങ് ഇൻസ്ട്രമെന്റ്സ്, ടെസ്റ്റ് ബുക്ക് എന്നിവയ്ക്ക് 500 രൂപയും നൽകുന്നു പ്രോജക്ട് അലവൻസായി 2000 രൂപയും നൽകുന്നുണ്ട്.

എഞ്ചിനീയറിംഗ് കോളേജ്: കെ. പി. സി. ആർ. വാർഷിക വരുമാനം 42,000 രൂപയ്ക്ക് താഴെയുള്ള കുട്ടികൾക്ക് സ്റ്റൈപെന്റ് 200 രൂപയും 35,000 രൂപ വരെയുള്ള ഫീസിന് റീ-ഇംപേഴ്സ്മെന്റ് നൽകുകയും ചെയ്യുന്നു. എസ്.സി./എസ്.റ്റി/ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് വർഷം 6760 രൂപ വരെയുള്ള ഫീസിന് റീ-ഇംപേഴ്സ്മെന്റ് നൽകുന്നു. കൂടാതെ ദൂരപരിധി അനുസരിച്ച് 270 രൂപ മുതൽ 315 രൂപ വരെ ഡി.എ.-യും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പോക്കറ്റ് മണിയായി 80 രൂപയും ലംപ്സം ഗ്രാന്റായി 1000 രൂപയും നൽകുന്നു.

എ. ഐ. സി. റ്റി. ഇ. അംഗീകാരമില്ലാത്ത പോളിടെക്നിക്കുകൾ

105 [688] *ശ്രീ. സ്റ്റീഫൻ ജോർജ്:*
,, *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങളുടെ അപര്യാപ്തതമൂലം എ.ഐ.സി.റ്റി.ഇ. അംഗീകാരമില്ലാത്ത എത്ര പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയ്ക്ക് അംഗീകാരം ലഭിക്കുന്നതിനായി എന്തു നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം പണിയുന്നതിന് എന്തെങ്കിലും നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെട്ടിടങ്ങളുടെ അപര്യാപ്തതമൂലം എ.ഐ.സി.റ്റി.ഇ. അംഗീകാരമില്ലാത്തതിനാൽ അത്തരം പോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly